LIBRARY ARCHIVES Kerala Legislative Assembly

പൊതുവിദ്യാലയങ്ങളിലെ എല്ലാ കുട്ടികൾക്കും ഡിജിറ്റൽ/ഓൺലൈൻ സൗകര്യം ഉറപ്പാക്കുന്നതിന്റെ ഭാഗമായി തമിഴ്, കന്നഡ മാധ്യമങ്ങളിൽ പഠിക്കുന്ന കുട്ടികൾക്ക് ക്ലാസ്സുകൾ ലഭ്യമാക്കുന്നതിനായി പ്രാദേശിക ടെലിവിഷൻ കേബിൾ നെറ്റ്‌വർക്ക് അധികൃതരുമായി ചർച്ച നടത്തി ധാരണയിലെത്തിയിട്ടുണ്ട്. ഭാഷാ ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട തമിഴ്, കന്നഡ വിഷയങ്ങൾക്ക് ഡിജിറ്റൽ ക്ലാസ്സുകൾ കുട്ടികൾക്ക് ലഭ്യമാക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. കൈറ്റിന്റെ നേതൃത്വത്തിൽ തയ്യാറാക്കുന്ന വീഡിയോ ക്ലാസ്സുകൾ പ്രാദേശിക ടെലിവിഷൻ ചാനലുകളിലൂടെയും യൂട്യൂബിലൂടെയും കുട്ടികൾക്ക് നൽകിവരുന്നു. ഡിജിറ്റൽ ക്ലാസ്സുകൾക്കായി കൈറ്റ് പ്രത്യേകം പോർട്ടൽ (firstbell.kite.kerala.gov.in) സജ്ജീകരിച്ചിട്ടുണ്ട്. പ്രസ്തുത പോർട്ടലിൽ തമിഴ്, കന്നഡ മാധ്യമം ഉൾപ്പടെ എല്ലാ ക്ലാസ്സുകളും ലഭ്യമാക്കിയിട്ടുണ്ട്.

മുക്കട്ട ഗവൺമെന്റ് എൽ.പി. സ്കൂളിന്റെ സ്ഥലം

220(2576) ശ്രീ. പി. വി. അൻവർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലമ്പൂർ നഗരസഭയ്ക്ക് കീഴിലെ മുക്കട്ട ഗവൺമെന്റ് എൽ.പി. സ്കൂൾ സ്ഥിതി ചെയ്യുന്ന സ്ഥലത്തിന്റെ ഉടമസ്ഥാവകാശവുമായി ബന്ധപ്പെട്ട് സ്വകാര്യ വ്യക്തികൾ വിദ്യാഭ്യാസ വകുപ്പിൽ സമർപ്പിച്ചിട്ടുള്ള രേഖകളുടെ പകർപ്പുകൾ ലഭ്യമാക്കാമോ?

നിലമ്പൂർ മുക്കട്ട ഗവൺമെന്റ് എൽ.പി സ്കൂൾ സ്ഥിതി ചെയ്യുന്ന സ്ഥലത്തിന്റെ ഉടമസ്ഥാവകാശവുമായി ബന്ധപ്പെട്ട് സ്വകാര്യ വ്യക്തികൾ വിദ്യാഭ്യാസ വകുപ്പിൽ സമർപ്പിച്ചിട്ടുള്ള താഴെപ്പറയുന്ന രേഖകളുടെ പകർപ്പുകൾ അനുബന്ധമായി ചേർക്കുന്നു*.

(1) 1944-ലെ ഭാഗപത്രം

(2) 1939 -ലെ ആധാരം

(3) 1940- ലെ ആധാരം

(ബി) സ്വകാര്യ വ്യക്തികളുടേതെന്ന് ചിലർ അവകാശപ്പെടുന്ന പ്രസ്തുത സ്ഥലം ഉടമസ്ഥാവകാശം തെളിയിക്കുന്ന നിയമപരമായ രേഖകളില്ലെങ്കിൽ അടിയന്തരമായി സർക്കാർ ഏറ്റെടുക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) ഇതുസംബന്ധിച്ച പരിശോധനകൾക്കും തുടർ നടപടികൾക്കും പ്രത്യേകമായി ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തുമോ;

---

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

&

(ഡി) എൺപ്പത്തിയഞ്ച് വർഷം പഴക്കമുള്ള കെട്ടിടങ്ങൾ പുനർനിർമ്മിക്കുന്നതിനും അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനും വേണ്ടി സംസ്ഥാന പദ്ധതി വിഹിതത്തിൽ നിന്നും തുക അനുവദിക്കുന്നതിനായി വിദ്യാഭ്യാസ വകുപ്പിൽ മുൻ വർഷങ്ങളിൽ സമർപ്പിച്ചിരുന്ന പ്രൊപ്പോസലിൽ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

(ബി-ഡി) പ്രസ്തുത സ്ഥലം ഏറ്റെടുക്കുന്നതിനും ടി സ്കൂളിന്റെ പഴക്കമുള്ള കെട്ടിടങ്ങൾ പുനർ നിർമ്മിക്കുന്നതിനും അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനും വേണ്ടിയുള്ള പ്രൊപ്പോസൽ സർക്കാരിൽ ലഭ്യമാകുന്നപക്ഷം ആയത് പരിശോധിച്ച് ഉചിതമായ നടപടികൾ സ്വീകരിക്കുന്നതിന് തടസ്സമില്ല.

കുട്ടികളുടെ മാനസികാരോഗ്യം ശക്തിപ്പെടുത്താനുള്ള പരിപാടികൾ

221(2577) ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യത്തിന് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോവിഡ്-19-ന്റെ സാഹചര്യത്തിൽ സ്കൂളുകൾ തുറന്ന് പ്രവർത്തിക്കാൻ കഴിയാത്തതിനാൽ കുട്ടികളുടെ മാനസികാരോഗ്യം ശക്തിപ്പെടുത്താനുള്ള എന്തെല്ലാം പരിപാടികളാണ് സംസ്ഥാനത്ത് നടപ്പിലാക്കുന്നത്; വിശദാംശം ലഭ്യമാക്കുമോ?

കുട്ടികളുടെ മാനസിക നിലവാരം മനസ്സിലാക്കുന്നതിനുവേണ്ടി എസ്.സി.ഇ.ആർ.ടി. തിരുവനന്തപുരം വിമൻസ് കോളേജുമായി ചേർന്ന് സംയുക്തമായി ഒരു പഠനം നടത്തിയിരുന്നു. ഈ അധ്യയന വർഷത്തിന്റെ ആരംഭത്തിൽ തന്നെ വിദഗ്ധരുടെ ഒരു പാനൽ രൂപീകരിക്കുകയും ആ പാനലിന്റെ നിർദ്ദേശപ്രകാരം കുട്ടികളുടെ മാനസിക ഉല്ലാസത്തിനായുള്ള ക്ലാസ്സുകൾ വിക്ടേഴ്സ് ചാനൽ വഴി നൽകുകയും ചെയ്തിരുന്നു. അതോടൊപ്പം തന്നെ കലാ-കായിക, വിദ്യാഭ്യാസം, യോഗ എന്നിവയുമായി ബന്ധപ്പെട്ട ഡിജിറ്റൽ ക്ലാസ്സുകൾ തയ്യാറാക്കിയിട്ടുണ്ട്. ഉടൻ തന്നെ ആയത് കുട്ടികൾക്ക് വിക്ടേഴ്സ് ചാനലിലൂടെ സംപ്രേക്ഷണം ചെയ്യുന്നതായിരിക്കും. ഇത്തരത്തിൽ കുട്ടികളുടെ മാനസിക വൈകാരിക സംഘർഷം ലഘൂകരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പൊതുവിദ്യാഭ്യാസ വകുപ്പ് ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നുണ്ട്. ഇത്തരം പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സഹായകരമാം വിധം കൈറ്റിന്റെ നേതൃത്വത്തിൽ 'ഉള്ളറിയാൻ' എന്ന പരിപാടി ഡിജിറ്റൽ ക്ലാസ്സുകളുടെ ഭാഗമായി ആരംഭിച്ചിട്ടുണ്ട്. കുട്ടികളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഇതിൽ മനഃശാസ്ത്രജ്ഞരുടെ സഹായം തേടുന്നുണ്ട്. ഒപ്പം തന്നെ കായികക്ഷമതയും ആരോഗ്യവും സംബന്ധിച്ച വീഡിയോ ക്ലാസ്സുകളും കൂടി വിക്ടേഴ്സ് ചാനൽ വഴി സംപ്രേഷണം ചെയ്യുന്നുണ്ട്. മാനസികാരോഗ്യവുമായി ബന്ധപ്പെട്ട് വിവിധ

LIBRARY ARCHIVES Kerala Legislative Assembly